പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5141 02.07.2013-ൽ മറുപടിയ്ക്ക്

## കാലടി പ്ലാൻേറഷനിൽ വൈദ്യുത പ്രശ്നം പരിഹരിക്കുവാൻ നടപടി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി പ്ലാൻേറഷനിൽ തൊഴിലാളി കുടുംബങ്ങളുടെ ക്വോർട്ടേഴ്സുകളിലെ വൈദ്യുതി മുടക്കം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) (ബി) & (സി) | ഉണ്ട്. കാലടി പ്ലാൻേറഷനിലേയ്ക്ക് വൈദ്യുതി നൽകുന്ന 11 കെ. വി ലൈനിൻെറ അറ്റകുറ്റപ്പണികൾ ബോർഡും, പ്ലാൻേറഷനിലുള്ള എൽ. റ്റി ലൈനിൻെറ അറ്റകുറ്റപ്പണി പ്ലാൻേറഷനുമാണ് ചെയ്തു വരുന്നത്. കാലവർഷം ശക്തമായതിനെ തുടർന്ന് ബോർഡിൻെറ അധീനതയിലുള്ള 11 കെ. വി ലൈനിൽ മരങ്ങൾ വീണ് വൈദ്യുതി തടസ്സം ഉണ്ടായതായി ശ്രദ്ധയിൽപ്പെടുകയും വന്യമൃഗങ്ങളുടെ ആക്രമണത്തെപ്പോലും അതിജീവിച്ച് കഴിയുന്നത്രയും വേഗത്തിൽ പ്രസ്തുത പരാതികൾ പരിഹരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിലും ഇത്തരം പരാതികൾ കഴിയുന്നത്ര വേഗത്തിൽ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായ ഈ മേഖലയിൽ വൈദ്യുത പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | | |
| (സി) | എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ.